(ബി) ഇപ്രകാരം ഉൽപ്പാദിപ്പിക്കുന്ന വൈദ്യുതിയുടെ തോത് സംസ്ഥാനത്ത് എത്രയാണ്; പദ്ധതി തിരിച്ചുള്ള കണക്ക് വ്യക്തമാക്കാമോ;

(സി) ഇത് വ്യാപകമാക്കാൻ സംസ്ഥാന സർക്കാർ എന്തെങ്കിലും നടപടി സ്വീകരിച്ചു വരുന്നുണ്ടോ എന്ന് വിശദമാക്കുമോ?

ഉത്തരം

(എ & ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കാറ്റിൽ നിന്നും വൈദ്യുതി ഉൽപ്പാദിപ്പിക്കുന്നതിനുള്ള ഒരു പദ്ധതി ഇടുക്കി ജില്ലയിലെ രാമക്കൽമേട്ടിൽ അനർട്ടും വൈദ്യുതി ബോർഡും സംയുക്തമായി ആരംഭിക്കുന്നതിനുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതിനുള്ള മെമ്മോറാണ്ഡം ഓഫ് അണ്ടർ സ്റ്റാന്റിംഗ് 18-1-2006-ൽ ഒപ്പുവച്ചുകഴിഞ്ഞു.

(സി) സ്വകാര്യ സംരംഭകരെ ഈ മേഖലയിലേക്ക് ആകർഷിച്ച് വൈദ്യുതി ഉൽപ്പാദനം നടത്തുന്നതിനായി 8-11-2004-ലെ ജി. ഒ. (എം. എസ്.)നം.23/2004/പി. ഡി. ഉത്തരവ് പ്രകാരം ഇതിലേക്കാവശ്യമായ മാർഗ്ഗ നിർദ്ദേശങ്ങൾ സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്.

കർഷകർക്കുള്ള വൈദ്യുതി ചാർജ്ജ്

64 [1165] ശ്രീ. എ. കെ. ബാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൃഷിഭവനുകൾ വഴി രജിസ്റ്റർ ചെയ്ത കർഷകർക്കുള്ള വൈദ്യുതി ചാർജ്ജ് ഇനത്തിൽ ബോർഡ് എന്തെങ്കിലും ഇളവ് അനുവദിക്കുന്നുണ്ടോ;

(ബി) കര കൃഷിക്കാർ നേരിട്ട് വൈദ്യുതി കണക്ഷൻ എടുത്താൽ നെൽക്കൃഷിക്കാർക്ക് നൽകുന്ന വൈദ്യുതി ചാർജ്ജ് ഇളവ് നൽകാൻ ബോർഡ് തയ്യാറുണ്ടോ; ഇക്കാര്യത്തിൽ വൈദ്യുതി റഗുലേറ്ററി കമ്മീഷന്റെ തീരുമാനം ബോർഡ് ആരാഞ്ഞിട്ടുണ്ടോ;

(സി) വൈദ്യുതി റഗുലേറ്ററി കമ്മീഷൻ വിവിധ തരത്തിലുള്ള വൈദ്യുതി ഉപഭോക്താക്കളിൽ നിന്നും ഈടാക്കേണ്ട വൈദ്യുതി താരിഫ് സംബന്ധിച്ച് എന്തെങ്കിലും നിർദ്ദേശം ബോർഡിന് നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദവിവരം നൽകുമോ?

ഉത്തരം

(എ & ബി) സർക്കാർ ഉത്തരവ് (എം.എസ്) 30/99/കൃഷി 4-2-1999 പ്രകാരം 1-8-1995 മുതൽ വിസ്തൃതി പരിധിയില്ലാതെ നെൽക്കൃഷിക്ക് പൂർണ്ണമായും 1-4-1997 മുതൽ 2 ഹെക്ടറിൽ കവിയാത്ത മറ്റു കാർഷിക വിളകൾക്കും വൈദ്യുതി സൗജന്യം ബാധകമാക്കിയിട്ടുണ്ട്. ഈ സൗജന്യങ്ങൾ കൃഷി ഭവനുകൾ മുഖാന്തിരമാണ് നടപ്പിലാക്കുന്നത്. ഇപ്രകാരം നൽകുന്ന വൈദ്യുതിയുടെ വില സർക്കാർ ബോർഡിന് നേരിട്ട് നൽകേണ്ടതുണ്ട്. കർഷകരുടെ വൈദ്യുതി ഇളവ് സംബന്ധിച്ച് റഗുലേറ്ററി കമ്മീഷന്റെ തീരുമാനം ബോർഡ് ആരാഞ്ഞിട്ടില്ല.

(സി) ഇല്ല.

LIBRARY ARCHIVES Kerala Legislative Assembly